"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സബ്‌സിഡി ധനസഹായ മാർഗ്ഗരേഖയിൽ ഗാർഹികതല ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ യൂണിറ്റ് ചെലവ് എന്ന പട്ടികയിൽ ശുചിത്വമിഷൻ അംഗീകരിച്ചിട്ടുള്ള "ബൊക്കാഷി ബക്കറ്റ്" എന്ന ഖരമാലിന്യ സംസ്കരണ സംവിധാനം ഉൾപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2035/2022/LSGD തീയതി,തിരുവനന്തപുരം, 20-08-2022

---

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. ശുചിത്വമിഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02.07.2022 ലെ 1974/C2/2022/SM നമ്പർ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.07.2022 ന് നടന്ന യോഗത്തിന്റെ തീരുമാനം 4.45

**<u>ഉത്തരവ്</u>**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്‌സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗരേഖ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അനുബന്ധം 3 ആയി ചേർത്തിരിക്കുന്ന ഗാർഹികതല ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ യൂണിറ്റ് ചെലവ് എന്ന പട്ടികയിൽ ശുചിത്വമിഷൻ അംഗീകരിച്ചിട്ടുള്ള "ബൊക്കാഷി ബക്കറ്റ്" എന്ന ഖരമാലിന്യ സംസ്കരണ സംവിധാനം ഉൾപ്പെടുത്തിയിട്ടില്ല. ഇതു കൂടി ഉൾപ്പെടുത്തണമെന്ന് ഈ ഉല്പന്നത്തിന്റെ നിർമ്മാതാക്കൾ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സബ്‌സിഡി മാർഗ്ഗരേഖയിൽ അനുബന്ധം 3 ആയി ചേർത്തിരിക്കുന്ന പട്ടിക അപൂർണ്ണമാണെന്ന് ചൂണ്ടികാണിച്ച് ഈ പട്ടിക ഒഴിവാക്കണമെന്നും ഇതിനു പകരം ശുചിത്വമിഷൻ/ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഉപാധികൾ, സ്റ്റാന്റേർഡ്, സ്പെസിഫിക്കേഷൻ, യൂണിറ്റ് നിരക്ക് എന്നിവ പ്രകാരമായിരിക്കണം പ്രോജക്ട് നടപ്പാക്കേണ്ടതെന്ന നിബന്ധന ഉൾപ്പെടുത്തണമെന്നും ശുചിത്വമിഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്‌സിഡി - ധനസഹായം സംബന്ധിച്ച പരാമർശിത മാർഗ്ഗരേഖയുടെ അനുബന്ധം 3 ആയി ചേർത്തിട്ടുള്ള പട്ടികയോടൊപ്പം 'ബൊക്കാഷി ബക്കറ്റ്' എന്ന ഖര മാലിന്യസംസ്കരണ സംവിധാനം കൂടി ഉൾപ്പെടുത്തി ഉത്തരവാകുന്നു. അതോടൊപ്പം, കാലാകാലങ്ങളിൽ ശുചിത്വമിഷൻ അംഗീകരിക്കുന്ന ഏജൻസികളിൽ നിന്ന് മേൽ വിഷയത്തിൽ ഉപകരണങ്ങൾ

വാങ്ങാൻ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നു. എന്നാൽ ശുചിത്വമിഷൻ ഒഴിവാക്കുന്ന യൂണിറ്റുകളിൽ നിന്ന് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വാങ്ങാവുന്നതല്ല. കൂടാതെ കാലാകാലങ്ങളിൽ ശുചിത്വമിഷൻ നിശ്ചയിക്കുന്ന വില, നിബന്ധനകൾ എന്നിവ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും ബാധകമായിരിക്കുന്നതാണ്. ഈ വിവരങ്ങൾ അപ്പപ്പോൾ കൃത്യമായി തദ്ദേശഭരണ സ്ഥാപനങ്ങളെ ശുചിത്വമിഷൻ അറിയിക്കേണ്ടതാണ്. ബൊക്കാഷി ബക്കറ്റിന്റെ വിലയടക്കം വിശദാംശങ്ങളും ശുചിത്വമിഷൻ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാകളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
21. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
22. തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം.) വകുപ്പ്
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sureshkumar K**
**Date: 20-08-2022 17:04:12**

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

സ.ഉ.(സാധാ) നം.2035/2022/LSGD

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്